# പത്രക്കുറിപ്പ്

## പൊതുവിദ്യാലയങ്ങളിൽ രണ്ടു വർഷം കൊണ്ട് 3.3 ലക്ഷം കുട്ടികളുടെ വർദ്ധനവ്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ ചരിത്രത്തിൽ രേഖപ്പെടുത്താവുന്ന വർദ്ധനവ്. ഈ വർഷം പുതുയതായി 1.86 ലക്ഷം കുട്ടികൾ

ഈ വർഷത്തെ ആറാം പ്രവൃത്തി ദിന കണക്കെടുപ്പ് പൂർത്തിയായപ്പോൾ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ ഒമ്പതുവരെ ക്ലാസ്സുകളിൽ പുതിയതായി എത്തിയത് 1,85,971 കുട്ടികൾ. കഴിഞ്ഞ വർഷം പുതിയതായി എത്തിയ 1,45,208 കുട്ടികളെക്കൂടി ഉൾപ്പെടുത്തിയാൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങി രണ്ടു വർഷത്തിനകം 3,31,179 കുട്ടികൾ പുതിയതായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടി. ഈ വർഷം സർക്കാർ സ്കൂളുകളിൽ 6.3%-വും (70,644), എയ്ഡഡ് മേഖലയിൽ 5.4%-വും(1,15,327), കുട്ടികളുടെ വർദ്ധനവ് രേഖപ്പെടുത്തി. എന്നാൽ അൺഎയ്ഡഡ് മേഖലയിൽ 33,174 കുട്ടികൾ (8%) കുറഞ്ഞു.

ഒന്നാം ക്ലാസ്സിൽ മാത്രം ഇപ്രാവശ്യം പുതിയതായി എത്തിയത് 10,078 കുട്ടികളാണ്. എല്ലാ ജില്ലകളിലും ഒന്നാം ക്ലാസ്സിൽ കുട്ടികൾ വർദ്ധിച്ചു. ഏറ്റവും കൂടുതൽ കുട്ടികൾ വർദ്ധിച്ചത് മലപ്പുറം ജില്ലയിലാണ്-5009 കുട്ടികളുടെ വർദ്ധന (49.7%).

സർക്കാർ സ്കൂളുകളിൽ ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിൽ കുട്ടികളുടെ വർദ്ധനവ് ഉണ്ടായി. എയ്ഡഡ് മേഖലയിൽ പത്താം ക്ലാസ്സ് ഒഴികെ എല്ലാ ക്ലാസ്സിലും കുട്ടികൾ വർദ്ധിച്ചു. എന്നാൽ അൺഎയ്ഡഡ് മേഖലയിൽ എല്ലാ ക്ലാസ്സുകളിലും കുട്ടികൾ കുറഞ്ഞു. സംസ്ഥാന അടിസ്ഥാനത്തിൽ പൊതുവിദ്യാലയങ്ങളിൽ അധികമായി പ്രവേശനം നേടിയത് അഞ്ചാം ക്ലാസ്സിലാണ്, 45702 കുട്ടികൾ (24.57%). എട്ടാം ക്ലാസ്സിൽ 37,724 കുട്ടികൾ (20.28%) അധികമായി ഈ വർഷം പ്രവേശനം നേടി.

പൊതുവിദ്യാലയങ്ങളിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണവും കഴിഞ്ഞ 25 വർഷത്തിനിടയിൽ ആദ്യമായി മുൻവർഷത്തേക്കാൾ വർദ്ധിച്ചതായി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ.വി.മോഹൻകുമാർ അറിയിച്ചു. ഈ വർഷം പൊതുവിദ്യാലയങ്ങളിൽ 32349 കുട്ടികളുടെ വർദ്ധന ഉണ്ടായി. 25 വർഷമായി ഓരോ വർഷവും മൊത്തം വിദ്യാർത്ഥികളുടെ എണ്ണം മുൻവർഷത്തേക്കാൾ കുറയുന്ന പ്രവണതയാണ് ഇതുവരെ ഉണ്ടായിരുന്നത്.

എല്ലാ ജില്ലകളിലും പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ വർദ്ധിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ കുട്ടികൾ വർദ്ധിച്ചത് മലപ്പുറം ജില്ലയിലും (32,964) തൊട്ടടുത്ത് കോഴിക്കോട് (20,043). പാലക്കാട് (17,197) കണ്ണൂർ (16802), കൊല്ലം (16720), തിരുവനന്തപുരം (15777) ജില്ലകളുമാണ്.

കഴിഞ്ഞവർഷം സർക്കാർ (1126712) എയ്ഡഡ് (2140794) അൺഎയ്ഡഡ് (413234) മേഖലകളിലായി മൊത്തം 36.81 ലക്ഷം കുട്ടികളാണ് ഉണ്ടായിരുന്നത്. ഈ വർഷം സർക്കാർ (1145973) എയ്ഡഡ് (2153882) അൺഎയ്ഡഡ് (403963) മേഖലകളിലായി മൊത്തം 30.04 ലക്ഷം കുട്ടികൾ ഉണ്ട്. സർക്കാർ എയ്ഡഡ് മേഖലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് (6.2) ലക്ഷം മലപ്പുറം ജില്ലയിലാണ് കോഴിക്കോട് (3.6ലക്ഷം). പാലക്കാട് (3.1 ലക്ഷം) കണ്ണൂർ (2.8 ലക്ഷം), തൃശൂർ(2.8 ലക്ഷം) കൊല്ലം (2.2 ലക്ഷം), തിരുവനന്തപുരം (2.5ലക്ഷം) എറണാകുളം (2.2 ലക്ഷം) ആലപ്പുഴ(1.6 ലക്ഷം), കാസർഗോഡ് (1.5 ലക്ഷം), കോട്ടയം (1.4 ലക്ഷം), വയനാട് (1 ലക്ഷം), ഇടുക്കി (0.9 ലക്ഷം), പത്തനംതിട്ട (0.76 ലക്ഷം) എന്നിങ്ങനെയാണ് മറ്റ ജില്ലകളിലെ കണക്കുകൾ.

സമ്പൂർണ്ണ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിറ്റിക്സ് വിഭാഗം കണക്കെടുപ്പു നടത്തി വിശകലനം നടത്തിയാണ് ആറാം പ്രവൃത്തിദിന കണക്കെടുപ്പ് റിപ്പോർട്ട് തയ്യാറാക്കിയത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കുട്ടികളുടെ എണ്ണത്തിലുണ്ടായ ഈ വലിയ വർദ്ധനവ് ഉണ്ടായിട്ടുള്ളതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ